**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **42** — 09.02.2016 ൽ മറുപടിക്ക്

## ഇ-ഗവേണൻസ്

**ചോദ്യം**

**ശ്രീ. എ.റ്റി. ജോർജ്**
**ശ്രീ. എം.എ.വാഹിദ്**
**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**ശ്രീ. അൻവർ സാദത്ത്**

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ കടലാസുരഹിത ഫയൽ സംവിധാനം നടപ്പിലാക്കുക, വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, സാർവ്വത്രികവും തടസ്സരഹിതവുമായ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്ന പദ്ധതികൾ ഏർപ്പെടുത്തുക, ഡിജിറ്റൽ ലിറ്ററസി ക്യാമ്പയിൻ തുടങ്ങുക, അക്ഷയ പൊതുസേവന കേന്ദ്രങ്ങൾ മുഖേന ഓൺലൈൻ പേയ്മെന്റ് സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയ പദ്ധതികളാണ് ഇ-ഗവേണൻസ് വഴി പ്രധാനമായും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) താഴെ പറയുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇ-ഗവേണൻസ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.<br>1. സർക്കാർ സേവനങ്ങൾ ഓൺലൈനായി ജനങ്ങൾക്ക് ലഭ്യമാക്കുക.<br>2. സർക്കാർ ഓഫീസുകൾ ഡിജിറ്റലാക്കുക<br>3. സർക്കാർ ഓഫീസുകളിൽ കടലാസു രഹിത ഫയൽ സംവിധാനം നടപ്പിലാക്കുക.<br>4. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു പോർട്ടലിലൂടെ നൽകുക.<br>5. സാർവത്രികവും തടസ്സരഹിതവുമായ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക.<br>6. മൊബൈൽ ഗവേണൻസ് വ്യാപിപ്പിക്കുക. |

7. സുതാര്യവും കാര്യക്ഷമവുമായ ഓഫീസ് സംവിധാനം ഏർപ്പെടുത്തുക.

8. ഒപ്റ്റിക്കൽ ഫൈബർ ഗേറ്റ് വേ വഴി പ്രധാനപ്പെട്ട ഓഫീസുകളെ ഡാറ്റസെൻററുമായി ബന്ധിപ്പിക്കുക.

9. ഇ-ഗവേർണൻസ് ഇന്നോവേഷൻ സ്കീം ജില്ലാതലത്തിൽ നടപ്പിലാക്കുക.

10. ഐ.ടി. മേഖലയിൽ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കാനായുള്ള പരിശീലനം നടപ്പിലാക്കുക.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, സെക് വാൻ, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസിംഗ് തുടങ്ങിയ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ എജൻസിയായ ഐ. ടി. മിഷൻ കൺസൽട്ടൻസി സേവനങ്ങളും നല്കുന്നുണ്ട്. വിവിധ വകുപ്പുകൾ, പൊതു ജനങ്ങൾക്ക് അറിയിപ്പുകൾ നല്കുന്നതിലേക്കായും, ഇ-മെയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനും വേണ്ടി അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നല്കിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ് തുടങ്ങിയ ആപ്ലിക്കേഷനുകൾ വിവിധ വകുപ്പുകളിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ് എന്നീ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നതിലൂടെ വിവിധ വകുപ്പുകൾ കടലാസ് രഹിത ഓഫീസുകളായിട്ടുണ്ട്

ഇ-ഗവേണൻസ് സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിങ്ങ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതി നിർവഹണത്തിനായി വകുപ്പ് തല കമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ

നേതൃത്വത്തിൽ ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റികൾക്കും രൂപം നല്കിയിട്ടുണ്ട്.

വിവരസാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ ഓഫീസുകളിൽകൂടുതൽ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി തിരഞ്ഞെടുത്ത ഉദ്യോഗസ്ഥരുടെ വെർച്ചൽ ഐ.ടി കേഡർ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികളായ ഇ-ഹെൽത്ത്, സി. സി ടി. എൻ. എസ്. (Crime and Criminal Tracking Network System), ഇ-പി. ഡി. എസ്. (Electronic Public Distribution System), വാഹൻ, സാരഥി തുടങ്ങിയവയുടെ നിർവഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

Sd/-

സെക്ഷൻ ഓഫീസർ